"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കരുളായ് കെ.എം. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ. അതുൽ എം.എം. -ന്റെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.774/2026/GEDN തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. ശ്രീ.അതുൽ എം.എം.-ന്റെ 25.04.2025-ലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.10.2025, 04.12.2025 എന്നീ തീയതികളിലെ യഥാക്രമം ഡിജിഇ/19709/2025-ഇഎം6, ഡിജിഇ/24306/2028-ഇഎം6 നമ്പർ റിപ്പോർട്ടുകൾ.

ഉത്തരവ്

മലപ്പുറം ജില്ലയിലെ കരുളായ് കെ.എം. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ. അതുൽ എം.എം. -ന്റെ എഫ്.ടി.എം. തസ്തികയിലെ 01/06/2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. കരുളായ് കെ. എം. ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം. തസ്തിക ഭിന്നശേഷി വിഭാഗത്തിനായി മാനേജർ മാറ്റിവയ്ക്കുകയും സ്കൂളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭ്യമാക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷ കൊടുക്കുകയും ചെയ്തു. എന്നാൽ അപ്രകാരമുള്ള ഒരു ഉദ്യോഗാർത്ഥികളുടെ ലിസ്റ്റും ഭിന്നശേഷിക്കാർക്ക് ആയിട്ടുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 50% ഭിന്നശേഷിയുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ശ്രീ അതുൽ എം.എം -നെ ടി സ്കൂളിലെ എഫ്.ടി.എം വൈശാഖ് എം.-നെ 01/06/2024 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ മാനേജർ 01/06/2024 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമിച്ചു. പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്.

3. 23/11/2022 ലെ എച്ച്2/295299/2021/ഡി ജി ഇ നമ്പർ സർക്കുലർ പ്രകാരം, ടി സർക്കുലർ തീയതിയിലോ, അതിനു മുമ്പോ ഭിന്നശേഷി ഒഴിവിൽ മാനേജർ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാമെന്നും ടി തീയതിക്ക് ശേഷമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖേനയുള്ളതാണെങ്കിൽ മാത്രം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചാൽ മതിയെന്നും പരാമർശിക്കുന്നു.

4. 11/05/25 -ലെ JR1/502/23-പൊ.വി.വ സർക്കാർ കത്ത് പ്രകാരം ഭിന്നശേഷിക്കാർക്കായി മാനേജർ ഒഴിവുകൾ മാറ്റിവെക്കുകയും എന്നാൽ അർഹരായ ഭിന്നശേഷിക്കാരെ ലഭിക്കാതിരിക്കുന്നതുമായ സാഹചര്യത്തിൽ സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിനു പ്രസ്തുത ഒഴിവുകളിൽ ദിവസവേതന നിയമനം നടത്താവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ശ്രീ അതുൽ എം.എം. -ന്റെ 01/06/2024 മുതലുള്ള എഫ് ടി എം നിയമനം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്താതെ ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ച ഒഴിവിലെ സാധാരണ നിയമനമായി പരിഗണിച്ച് 11/05/25 ലെ JR1/502/23-പൊ.വി.വ സർക്കാർ കത്ത് പ്രകാരം നിയമന തീയതി മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കരുളായ് കെ. എം. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീ. അതുൽ എം.എം.-ന്റെ 01/06/2024 മുതലുള്ള എഫ്.ടി.എം നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം ശ്രീ. അതുൽ എം.എം. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.അതുൽ എം.എം., എഫ്.ടി.എം., കെ.എം. ഹയർ സെക്കന്ററി സ്കൂൾ, കരുളായ്, മലപ്പുറം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വണ്ടൂർ
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 28-01-2026 10:45:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.